**"ഭരണഭാഷ മാതൃഭാഷ"**

**പി.എൽ(1)/77458/16 /ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 17.01.17.

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.**

സർ,

വിഷയം : പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം – 2017 ജനുവരി 27 ന് ഉദ്ഘാടനം– ബാനർ പ്രദർശിപ്പിക്കുന്നത് –സംബന്ധിച്ച്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം **2017 ജനുവരി 27** ന് തിരുവനന്തപുരം മലയൻകീഴ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കുകയാണ്, അന്നേ ദിവസം എല്ലാ പൊതു വിദ്യാലയങ്ങളിലും പൊതു വിദ്യാഭ്യാസ സംരക്ഷണ വലയവും പ്രതിജ്ഞയും നടത്തേണ്ടതാണ്. ഇതു സംബന്ധമായ വിശദമായ സർക്കുലറുകൾ നേരത്തേ നല്കിയിരുന്നു. (സർക്കുലർ നമ്പർ SS1/1/2017 തീയതി 07.01.2017, പി.എൽ(1)/77458/16 /ഡി പി.ഐ തീയതി 23.12.2016)

ഇതിനോടനുബന്ധിച്ച് സ്കൂളുകളിൽ പ്രദർശിപ്പിക്കേണ്ട ബാനറിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു. **തുണിയിൽ വേണം ബാനർ തയ്യാറാക്കൽ.** ഇതിന്നാവശ്യമായ ചെലവ് പി.റ്റി.എ. ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. **22.01.2017 ന് മുമ്പായി നിശ്ചിത മാതൃകയിലുള്ള ബാനർ തയ്യാറാക്കി എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കേണ്ടതാണ്.**

വിശ്വസ്തതയോടെ,

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.**

പകർപ്പ് : എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാദ്ധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

നമ്പർ : 14/ എം2/2017/പൊ.വി.വ. തീയതി, തിരുവനന്തപുരം, 16/01/2017

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) സ.ഉ(പി) നം.186/2016/പൊ.വി.വ. തീയതി 07.11.2016.
2) സ.ഉ(പി) നം.3390/2016/പൊ.വി.വ. തീയതി 14.10.2016.
3) സ.ഉ(പി) നം. 202/16/പൊവിവ. തീയതി 08.12.2016.
4) സ.ഉ(പി) നം. 203/16/പൊവിവ. തീയതി 08.12.2016.
5) സ.ഉ(പി) നം. 204/16/പൊവിവ. തീയതി 08.12.2016.
6) സ.ഉ(പി) നം. 205/16/പൊവിവ. തീയതി 08.12.2016.
7) 15.12.2016, 06.01.2017 എന്നീ തീയതികളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗനടപടിക്കുറിപ്പ്.

സൂചന(1)ലെ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2017 ജനുവരി 27ന് മലയിൻകീഴ് ഗവ.ഹയർ സെക്കന്ററി സ്കൂളിൽവച്ച് നടത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

1) പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന ദിവസം രാവിലെ കേരളത്തിലെ എല്ലാ പൊതുവിദ്യാലയങ്ങളിലും പൊതുവിദ്യാഭ്യാസ സംരക്ഷണ വലയവും പ്രതിജ്ഞയും നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ പഞ്ചായത്ത് തലത്തിലും സ്കൂൾ തലത്തിലും ഏറ്റെടുക്കേണ്ടതാണ്.

2) ഇതിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ ബഹുജന പ്രസ്ഥാനങ്ങൾ, യുവജന സംഘടനകൾ, കുടുംബശ്രീ പ്രവർത്തകർ, പി.ടി.എ, എസ്.എം.സി. പ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ, അദ്ധ്യാപക പ്രതിനിധികൾ, വിദ്യാർത്ഥി പ്രതിനിധികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, സാക്ഷരതാ പ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയ എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്തുതല ആലോചനാ യോഗം ചേരേണ്ടതും പഞ്ചായത്ത് തലത്തിൽ പദ്ധതിയുടെ പ്രചാരണം നടത്തേണ്ടതുമാണ്. ഓരോ വാർഡിലുമുള്ള വിദ്യാലയങ്ങളിലെ സംരക്ഷണ ശൃംഘല വിജയിപ്പിക്കുന്നതിനായി മേൽ പരാമർശിച്ചിരിക്കുന്ന സംഘടനകൾ അംഗങ്ങളെ നിയോഗിക്കേണ്ടതാണ്.

3) 2017 ജനുവരി 18-ാം തീയതിക്കുള്ളിൽതന്നെ പി.ടി.എ, എസ്.എം.സി. യോഗം ചേരുകയും സംഘാടക സമിതി 2017 ജനുവരി 23-ാം തീയതി ചേരുന്നതിനുള്ള ക്രമീകരണം നടത്തുകയും വേണം. പ്രസ്തുത സമിതി പ്രദേശത്തെ സാംസ്കാരിക സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വിദ്യാഭ്യാസ

പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ, സാക്ഷരതാ പ്രവർത്തകർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ഓരോരുത്തർക്കും പദ്ധതി ഉദ്ഘാടനം സംബന്ധിച്ച അറിയിപ്പ് നൽകുന്നതിന് സംഘാടക സമിതി അംഗങ്ങളെ ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4) പി.ടി.എ, എസ്.എം.സി. യോഗം ചേർന്ന് പ്രാദേശിക തലത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ ശൃംഘലയ്ക്കുശേഷം നടത്തേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

5) പഞ്ചായത്തുതലയോഗം ചേരേണ്ടതിനുള്ള ക്രമീകരണങ്ങൾ എസ്.എസ്.എ. നടത്തേണ്ടതാണ്.

6) ഉപജില്ലാ തലത്തിൽ പ്രഥമാദ്ധ്യാപകയോഗം വിളിച്ച് സ്കൂൾതലങ്ങളിൽ പരിപാടികൾ നടത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

**ഉഷാ ടൈറ്റസ്**
സെക്രട്ടറി

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സിയറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ASAP, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ, തിരുവനന്തപുരം
എല്ലാ ഡി.ഡി.ഇ.മാർക്കും (ഡി.പി.ഐ.മുഖേന)
എല്ലാ ഡി.ഇ.ഒ.മാർക്കും (ഡി.പി.ഐ.മുഖേന)
തദ്ദേശസ്വയംഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheela H

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നം PL1/77458/16 Dated 17.1.17

അടിയന്തിര നടപടികൾക്കുവേണ്ടി സർക്കുലർ
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
നൽകുന്നു

JIMMY K JOSE
ADPI (Academic)